## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 198 | | | 03.02.2020-ൽ മറുപടിക്ക് |
|---|---|---|---|
| കൂടുതൽ പോക്സോ കോടതികൾ സ്ഥാപിക്കുവാൻ നടപടി | | | |
| ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | പോക്സോ കേസുകളിൽ അന്വേഷണം വേഗത്തിലാക്കാനും, കുറ്റവാളികൾക്ക് പരമാവധി വേഗത്തിൽ ശിക്ഷ ഉറപ്പുവരുത്തുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ; | (എ) | പോക്സോ കേസുകൾ രജിസ്റ്റർ ചെയ്താൽ കഴിയുന്നതും ഒരു വർഷത്തിനകം അന്വേഷണവും വിചാരണയും പൂർത്തിയാക്കി വിധി പ്രസ്താവിക്കണമെന്ന് നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>പോക്സോ കേസുകളിൽ വിചാരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 28 പ്രത്യേക കോടതികൾ കൂടി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ബി) | പോക്സോ കേസുകളിൽ വിചാരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ പോക്സോ കോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശമുണ്ടോ; | (ബി) യും (സി) യും | Suo Moto WP(Crl.) No.1/2019 കേസിൽ ബഹു. സുപ്രീം കോടതിയുടെ 25.07.2019-ലെ ഉത്തരവിൽ സംസ്ഥാനത്തുടനീളം പോക്സോ കേസുകൾ തീർപ്പാക്കുന്നതിന് 57 അതിവേഗ കോടതികൾ ആരംഭിക്കണമെന്ന നിർദ്ദേശമുണ്ട്. ഇതിൽ ആദ്യഘട്ടമെന്ന നിലയിൽ 28 പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | ഉണ്ടെങ്കിൽ എത്ര കോടതികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ